# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279   ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 28/2021** (തിങ്കളാഴ്ച) | **തീയ്യതി: 05.04.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 06.04.2021 | 07.04.2021 | 08.04.2021 | 09.04.2021 | 10.04.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 5 | 0.2 | 3 | 1 | 2 |
| ഉയർന്ന താപനില (°C) | 36 | 37 | 37 | 37 | 37 |
| കുറഞ്ഞ താപനില (°C) | 25 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 46 | 46 | 46 | 46 | 46 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 4 | 2 | 4 | 6 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 90 | 90 | 270 | 270 |
| മേഘവ്യാപ്തി (ഒക്ക) | 8 | 4 | 7 | 6 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരുന്ന ആഴ്ച്ചയിൽ നേരിയ മഴയ്ക്ക് സാധ്യത. കൂടിയ താപനില 37°C വരെയും കുറഞ്ഞ താപനില 26°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: അന്തരീക്ഷ താപനില കൂടിവരുന്നതിനാൽ വിളകൾക്ക് സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങളിലൂടെ ജലസേചനം നൽകുക. പുതയിടൽ പോലുള്ള വരൾച്ചാ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.

## കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | കൊമ്പൻ ചെല്ലി | നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു. |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിൽ ദ്രുതവാട്ടരോഗത്തിനുള്ള സാധ്യതയുള്ളതിനാൽ ചാണകവും വേപ്പിൻ പിണ്ണാക്കും ഇളക്കി ചേർത്ത് ട്രൈക്കോഡെർമ വളർത്തിയെടുത്ത മിശ്രിതം ഒരു മൂടിന് 5 കി. ഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുക.ഇതിനായി 1-2 കിലോഗ്രാം ട്രൈക്കോഡെർമ, 90 കിലോഗ്രാം ചാണകപ്പൊടി, 10 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് ഇവയുമായി കൂട്ടിക്കലർത്തി വെള്ളം തളിച്ച് ഇളക്കി തണലുള്ള സ്ഥലത്തു ചെറു കൂനയാക്കി പോളിത്തീൻ ഷീറ്റ് ഉപയോഗിച്ച് മൂടിയിടുക. ഒരാഴ്ക്ക് ശേഷം ഈ മിശ്രിതം വീണ്ടും ഇളക്കി ആവശ്യത്തിന് വെള്ളം തളിച്ച് കൂനയാക്കി ഒരാഴ്ച കൂടി മൂടിയിടുക. ഇപ്രകാരം തയ്യാറാക്കിയ ട്രൈക്കോഡെർമ വിറിഡെ മിശ്രിതം ഉപയോഗിക്കാവുന്നതാണ്. |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി 4 മുതൽ 5 മാസം പ്രായമായ വാഴകളിൽ ഉണങ്ങിയ ഇലകൾ നീക്കം ചെയ്തതിനു ശേഷം 5% നന്മ, 50ml ഒരു ലിറ്റർ എന്ന തോതിൽ ഇലകളിലും പിണ്ടിയിലും മുഴുവനായി തളിച്ചു കൊടുക്കാവുന്നതാണ്. വണ്ടുകളുടെ ആക്രമണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിൽ, മേന്മ 5 ml വീതം പിണ്ടിയിൽ ആക്രമണം നടത്തിയതിനു ചുറ്റുമായി മൂന്നു ഭാഗങ്ങളിൽ കുത്തി വക്കുക. |